# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 02-01-2010 മുതൽ 08-01-2010 വരെ)

## 65,80,000/- രൂപയുടെ ഡോളർ തട്ടിപ്പ്; 5 പേർ പിടിയിൽ

ഇന്ത്യൻ കറൻസി നൽകാമെന്നു പറഞ്ഞ് 65,80,000/- രൂപയുടെ US ഡോളർ തട്ടിയെടുത്ത സംഭവവുമായി ബന്ധപ്പെട്ട് യുവതി ഉൾപ്പെടെ അഞ്ചംഗ സംഘത്തിലെ അംഗങ്ങളായ കോഴിക്കോട് സ്വദേശി സിൽവസ്റ്റർ റെയ്മണ്ട് ജോൺ, തിരുവനന്തപുരം സ്വദേശിനി മറീന വർഗ്ഗീസ്, അന്ധ്ര സ്വദേശികളായ കനകരാജ്, വിത്തൽ, മുഹമ്മദ് അബ്ദുൾ റസാഖ് എന്നിവരെ തൃശൂർ ഈസ്റ്റ് പോലീസ് അറസ്റ്റുചെയ്തു.

(Cr. No. 979/09, TSR, East PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Radhakrishnan DySP, Sri. M. K. Radhakrishnan CI, Sri. K. C. Satheesh SI, Sri. Chacko ASI, Sri. Johny ASI, HCs 3702, 3906, 3843, 4069, 4151, PCs 4627, 438, 4638, 4930, 6053, 5035, 4704, WPC 5454.

## ബാങ്ക് വായ്പ വാഗ്ദാനംചെയ്ത് തട്ടിപ്പ്; നാലുപേർ അറസ്റ്റിൽ

ബാങ്ക് വായ്പ സംഘടിപ്പിച്ചുനൽകാമെന്ന് പത്ര പരസ്യം നൽകി നിരവധി പേരിൽനിന്നും 30 ലക്ഷത്തോളം രൂപ തട്ടിയെടുത്ത നാലംഗസംഘമായ ആലപ്പുഴ സ്വദേശി നസീർ, ഹാരീസ്, മജു, ചേർത്തല സ്വദേശി പ്രകാശൻ എന്നിവരെ 1-1-2010-ന് ആലപ്പുഴയുടെ വിവിധ ഭാഗങ്ങളിൽനിന്നും ആലപ്പുഴ സൗത്ത് പോലീസ് അറസ്റ്റുചെയ്തു.

(Cr. No. 18/10, ALPY, South PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. P. V. Baby CI, Sri K. G. Aneesh SI, Sri. Vasanthakumar ASI, GHC 3975, PC 5354, 5039, 5472, 4788, 4468

## 3 ലക്ഷം രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു

2-1-10 തീയതി ഉച്ചയ്ക്ക് 3.35 മണിയോടുകൂടി കൊടുങ്ങല്ലൂർ പോലീസ് പ്രൈവറ്റ് ബസ്സ്റ്റാന്റ് ഭാഗത്ത് പട്രോൾ ഡ്യൂട്ടി നോക്കിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട തിരൂരങ്ങാടി സ്വദേശി ഷിനോജിനെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്ത് പരിശോധിച്ചതിൽ ഇയാളുടെ പക്കൽനിന്നും മൂന്നുലക്ഷം രൂപയുടെ കുഴൽപ്പണം കണ്ടെടുത്തു. തുടർനടപടികൾക്കായി എൻഫോഴ്സ്മെന്റ് അധികൃതർക്ക് കൈമാറി

( TSR, Kodugallur PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. G. Balachandran SI, Sri. V. K. Mani ASI, PCs 5253, 4780

## 10 കിലോ കഞ്ചാവുമായി ഒരാൾ അറസ്റ്റിൽ

7-1-2010 തീയതി ഉച്ചയ്ക്ക് 1.30 മണിയോടുകൂടി കോഴിക്കോട് ടൗൺ പോലീസ് കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നാലാം പ്ലാറ്റ്ഫോം ഭാഗത്ത് ഡ്യൂട്ടി നോക്കിവരവെ സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട ഇടുക്കി രാജാക്കാട് സ്വദേശി ജോർജ്ജിനെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്ത് പരിശോധിച്ചതിൽ ടിയാന്റെ പക്കൽനിന്നും 10 കിലോ കഞ്ചാവ് ഒളിപ്പിച്ചുവച്ച നിലയിൽ കണ്ടെടുത്തു.

(Cr. No. 6/10, KKD, Town PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. T. K. Ashraf SI, Sri. Saithalavi K.P. ASI, HC 6046, PCs 6798, 7727, 7957, 7989, 8170, DVR PC 8253

## മോഷ്ടാക്കൾ അറസ്റ്റിൽ

മോഷ്ടിച്ച ബൈക്കിൽ കറങ്ങിനടന്ന് സ്ത്രീകളുടെ മാല പിടിച്ചുപറിക്കുന്ന മൂന്നംഗ സംഘത്തിലെ അംഗങ്ങളും മലപ്പുറം സ്വദേശികളുമായ മൻസൂർ, സുലൈമാൻ, നിജീഷ് എന്നിവരെ 3-1-2010 തീയതി രാത്രി മുല്ലശ്ശേരി കനാൽ റോഡിൽനിന്നും എറണാകുളം സെൻട്രൽ പോലീസ് പട്രോൾ ഡ്യൂട്ടിക്കിടയിൽ അറസ്റ്റുചെയ്തു.

(Cr. No. 13/10, EKM, Central PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Shiju SI, GHCs 8019, 9189, 8045, HC 6962, PCs 8627, 8977, 9447, 9562

## 510 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

4-1-2010 തീയതി രാത്രി 11.30 മണിയോടുകൂടി പാറശ്ശാല പോലീസ് വട്ടവിള ഭാഗത്ത് പട്രോൾ ഡ്യൂട്ടിനോക്കിവരവെ അമരവിള ഭാഗത്തുനിന്നും വട്ടവിളഭാഗത്തേക്ക് സംശയാസ്പദമായ രീതിയിൽ വരികയായിരുന്ന ഇൻഡിക്ക കാറിനെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ കന്നാസുകളിലായി ഒളിപ്പിച്ചുവച്ചനിലയിൽ 510 ലിറ്റർ സ്പിരിറ്റ് കണ്ടെടുത്തു.

(Cr. No. 9/10, TVM RL, Parasala PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. John SI, Sri. Silvester ASI, Sri. Anil ASI, DVR HC 8854